ഉത്തരം

(എ) 1-1-1977-നുമുൻപുള്ള കൈയേറ്റ വനഭൂമി എന്ന നിലയ്ക്ക് പട്ടയം നൽകേണ്ട ഭൂമിയുടെ വിസ്തീർണ്ണം 34293.159 ഹെക്ടർ ആണെന്ന് കണക്കാക്കിയിട്ടുണ്ട്. കൈയേറ്റക്കാരുടെ കൈവശത്തിൽനിന്ന് 4740 ഹെക്ടർ വനഭൂമി ഒഴിപ്പിച്ചെടുക്കാനുണ്ട്. ആരബിൾ ലാന്റ് സ്കീമിൽപ്പെടുത്തിയ 12,380.713 ഹെ. വനഭൂമി നഷ്ടപ്പെട്ടിട്ടുണ്ട്. നിക്ഷിപ്തവനഭൂമിയിൽ നിന്നും 8300.7858 ഹെക്ടർ വനഭൂമി കൃഷിഭൂമിയായി മാറ്റുന്നതിന് വേണ്ടി റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്. വിവിധ ആവശ്യങ്ങൾക്കുവേണ്ടി പൊതുമേഖലാ സ്ഥാപനങ്ങൾക്കും സ്വകാര്യ വ്യക്തികൾക്കും വേണ്ടി 66,090 ഹെക്ടർ വനഭൂമി പാട്ടത്തിന് നൽകിയിട്ടുണ്ട്.

(ബി & സി) കയ്യേറ്റക്കാർക്ക് പട്ടയം, കൃഷി ആവശ്യം എന്നിവയ്ക്കും മറ്റ് പദ്ധതി പ്രവർത്തനങ്ങൾക്ക് വേണ്ടിയും ഉപയോഗത്തിലിരിക്കുന്ന ഈ വനഭൂമി പഴയ സമ്പൂർണ്ണ വനത്തിന്റെ നിലവാരത്തിലേക്ക് കൊണ്ടുവരിക അസാധ്യമാണ് എങ്കിലും പട്ടയം കൊടുക്കുന്ന വനഭൂമിയുടെ ഇരട്ടി പ്രക്ഷീത വനങ്ങളിൽ പരിഹാര വനവൽക്കരണം ഏറ്റെടുത്ത് നടത്തുന്നുണ്ട്.

(ഡി) പൊതുജന പങ്കാളിത്തമുള്ള ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ ഇക്കാര്യത്തിൽ പ്രവർത്തിച്ചു വരുന്നു.

അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്

64 (1119) ശ്രീ. ആന്റണി രാജു :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി. സി. ജോർജ് :
ഡോ. കെ. സി. ജോസഫ് :
ശ്രീ. ടി. എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) നിർദ്ദിഷ്ട അഗസ്ത്യവനം ബയോളജിക്കൽ പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) ഇത് സംബന്ധിച്ച് കോടതിയിൽ കേസുകൾ എന്തെങ്കിലും നിലനിൽക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദ വിവരം വെളിപ്പെടുത്താമോ ;

(സി) നിർദ്ദിഷ്ട ബയോളജിക്കൽ പാർക്ക് അതിർത്തിക്കുള്ളിൽ വനം കവർച്ച നടക്കുന്നതായി ശ്രദ്ധയിപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇത് തടയാൻ നടപടി സ്വീകരിക്കുമോ ;

(ഇ) കേസുകൾ പെട്ടെന്ന് തീർക്കുന്നതിനും ബയോളജിക്കൽ പാർക്കിന്റെ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനും സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അഗസ്ത്യവനം ബയോളജിക്കൽ പാർക്കിന്റെ ഉത്ഘാടനത്തിനു ശേഷം പ്രോജക്ട് അനുസരിച്ചുള്ള പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടു. പ്രോജക്ട് പ്രദേശത്ത് അധിവസിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ നൽകുന്നതിനായി ഒരു റബ്ബർ തോട്ടവും അവരുടെ പുനരധിവാസത്തിനായി വീടുകളും നിർമ്മിക്കുന്നതിന് തുടക്കമിട്ടു. എന്നാൽ റിട്ട് അപ്പീൽ നം. 879/93 മേൽ ബഹു. ഹൈക്കോടതി 10-9-1993 ൽ പുറപ്പെടുവിച്ച നിരോധന ഉത്തരവ് നിലവിലുള്ളത് കാരണം പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും തന്നെ ചെയ്യുവാൻ കഴിഞ്ഞിട്ടില്ല. എന്നാൽ വനസംരക്ഷണപ്രവർത്തനങ്ങളായ സംരക്ഷണം, നീർവീഴ്ച തടയൽ, മണ്ണ് ഈർപ്പ സംരക്ഷണ നടപടികൾക്കായുള്ള വൃക്ഷതൈകൾ നടീൽ, മണ്ണൊലിപ്പ് തടയൽ, ഗിരിജനക്ഷേമ പ്രവർത്തനങ്ങൾ മുതലായ കാര്യങ്ങൾ എല്ലാവർഷവും ലഭ്യമായ ഫണ്ട് ഉപയോഗിച്ച് ചെയ്തു വരുന്നുണ്ട്.

(ബി) ഉണ്ട്. നിർദ്ദിഷ്ട അഗസ്ത്യവനം ബയോളജിക്കൽ പാർക്കിനുവേണ്ടി സർക്കാർ ഏറ്റെടുത്ത സ്വകാര്യഭൂമിയുടെ ഉടമകൾ ആയ ശ്രീമതി. സരോജനിയും മറ്റ് ഒൻപത് പേരും ചേർന്ന് ബഹു. ഹൈക്കോടതിയിൽ 879/93 നമ്പർ റിട്ട് അപ്പീൽ ഫയൽ ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ ബഹു. കോടതി 10-9-1999-ൽ പുറപ്പെടുവിച്ച നിരോധന ഉത്തരവ് പ്രകാരം പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവച്ചിട്ടുള്ളതുമാണ്.

(സി) ഒറ്റപ്പെട്ട വനംകവർച്ച സംബന്ധമായ കൃത്യങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചാൽ മാത്രമേ സ്റ്റേ നീക്കിക്കിട്ടുന്നതിനായി ബഹുമാനപ്പെട്ട കോടതിയിൽ അപേക്ഷ സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ. സ്റ്റേ നീക്കിക്കിട്ടിയാൽ പദ്ധതി അനുസരിച്ചുള്ള പ്രവർത്തനങ്ങൾ പുനരാരംഭിക്കാൻ സാധിക്കും.

ആനകളെ സംരക്ഷിക്കാൻ നടപടി

65(1120) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് ആനകളെ സംരക്ഷിക്കുന്നതിനു സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഇപ്പോൾ കാട്ടിൽ എത്ര ആനകൾ ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; നാട്ടിൽ ഉള്ള ആനകളുടെ എണ്ണം എത്ര ;

(സി) ആനകളെ ക്രൂരമായി പീഡിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിനെതിരെ എന്ത് നടപടിയാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത് ; ആരുടെയെങ്കിലും പേരിൽ ശിക്ഷണ നടപടികൾ എടുത്തിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly